16521
27/9/19

File No.FWLD-A1/17/2018-FWLD

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ശ്രീ. വി. വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) ഫയൽ ചെയ്ത റ്റി.എ. 3545/12 ലെ 09.08.2017- ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പൂർണ്ണമായി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.128/2019/വനം തീയതി,തിരുവനന്തപുരം, 21/03/2019

---

പരാമർശം:- 1 ശ്രീ. വി. വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) ഫയൽ ചെയ്ത റ്റി.എ. 3545/12 ലെ 09.08.2017- ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം

2 3.02.2018-ലെ സ.ഉ.(സാധാ.) നം. 59/18/വനം ഉത്തരവ്

3 16.07.2018തീയതിയായി ശ്രീ. വി. വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

മറയൂരിൽ 30.08.1995, 28.02.1996 കാലഘട്ടത്തിൽ നടന്ന ചന്ദനത്തടി ലേലത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടം ഈടാക്കുന്നതിനെതിരെ ശ്രീ. വി. വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) ഫയൽ ചെയ്ത റ്റി.എ. 3545/12 നമ്പർ കേസിൽ, ടിയാന്റെ തടഞ്ഞു വച്ചിരിക്കുന്ന ഡി. സി. ആർ. ജി. 9% പലിശ സഹിതം വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2) പ്രസ്തുത കോടതി വിധി നടപ്പിലാക്കിക്കൊണ്ട് ടിയാന്റെ തടഞ്ഞു വച്ചിരിക്കുന്ന ഡി. സി. ആർ. ജി. തുക വിട്ടുനൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായി.

3) എന്നാൽ അനുവദിക്കപ്പെട്ട തുക ലഭിച്ചില്ലെന്നും കൂടാതെ നേരത്തേ നൽകപ്പെട്ട ഡി. സി. ആർ. ജി. തുകയ്ക്കും കൂടി പലിശ അനുവദിക്കേണ്ടതാണെന്ന് പരാമർശം (1)-ൽ വിധിച്ചിട്ടുണ്ടെന്നും അതിനാൽ പ്രസ്തുത തുകയ്ക്ക് കൂടി പലിശ അനുവദിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം ശ്രീ. വി. വിജയശങ്കർ അപേക്ഷിച്ചു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 30.06.2008-ൽ വിരമിച്ച ശ്രീ. വി. വിജയശങ്കറിന് ഡി. സി. ആർ. ജി. ഇനത്തിൽ ആകെ അനുവദനീയമായ തുക 3,30,000/- രൂപയാണ്. അതിൽ 1,00,455/- രൂപ 8.02.2012 ലും 1,14,772/- രൂപ 13.08.2014- ലും അനുവദിച്ചിരുന്നു. അച്ചടക്ക നടപടിയിന്മേൽ തടഞ്ഞുവച്ചിരുന്ന ഡി. സി. ആർ. ജി. തുകയും പലിശ സഹിതം വിട്ടു നൽകാൻ പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനു തുടർച്ചയായി 1,00,455/- രൂപയ്ക്ക് 01.09.2008 മുതൽ ടി തുക കൈപ്പറ്റിയ തീയതി വരെയും , 1,14,772/- രൂപയ്ക്ക് 1.09.2008 മുതൽ പ്രസ്തുത തുക കൈപ്പറ്റിയ തീയതി വരെയും 9% പലിശ അനുവദിച്ച് പരാമർശം (1)-ലെ കോടതി വിധി പൂർണ്ണമായും നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) അസിസ്റ്റന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ പലിശ സംബന്ധിച്ച കണക്ക് കൂട്ടലുകൾ നടത്തി തുടർന്ന് പുറപ്പെടുവിക്കുന്ന നടപടിക്രമത്തിൽ പലിശ സംബന്ധിച്ച പരാമർശം കൂടി ഉൾപ്പെടുത്തേണ്ടതും ബന്ധപ്പെട്ട സബ്ട്രഷറി ഓഫീസർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം.
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ. വി. വിജയശങ്കർ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട സബ്ട്രഷറി ഓഫീസർക്ക്
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.03.21
17:17:20 IST
Reason: Approved
സെക്ഷൻ ഓഫീസർ